**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3947 24.08.2017 ന് മറുപടിയ്ക്ക്.

**മനുഷ്യ-വന്യജീവി സംഘർഷം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീമതി.സി.കെ.ആശ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ അവ ലഘൂകരിക്കുന്നതിന് രൂപം കൊടുത്ത ജനജാഗ്രതാ സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനംവകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയും, പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ച് ചർച്ച ചെയ്ത് വനം വകുപ്പിന് നിർദ്ദേശങ്ങൾ നൽകുക, കൂടാതെ നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേട്ടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റാഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നിവയാണ് സമിതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.<br>വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം, എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പിനെ സഹായിക്കുകയും വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാവുക എന്നതും ജനജാഗ്രതാ സമിതിയുടെ കടമയാണ്. |
| (ബി) വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം നേരിടുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കുമോ; | (ബി) (1) വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് താഴെ പറയുന്ന വിധത്തിൽ നഷ്ടപരിഹാരം നൽകുന്നു. |

| കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|
| 1. വന്യജീവി ആക്രമണം മൂലമുള്ള വീട്ടുനഷ്ടം. കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | സർക്കാർ ഉത്തരവ് (എം.എസ്) നം.32/2013/വനം തീയതി 22.03.13, |
| 2. വന്യജീവി ആക്രമണം മൂലമുള്ള വിളനാശം. | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | സർക്കാർ ഉത്തരവ് (എം.എസ്) നം.22/2015/വനം തീയതി 08.01.15, |

| | |
|---|---|
| | (2) കൃഷിയിടങ്ങളിലിറങ്ങുന്ന വന്യജീവികളെ വനത്തിലേക്ക് തിരികെ അയയ്ക്കുന്നതിനായി ദ്രുതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.<br>(3) വനഭൂമിയുടെ അതിർത്തിയിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നു.<br>(4) വന്യജീവികൾക്ക് ആഹാരവും വെള്ളവും വനത്തിൽത്തന്നെ ലഭ്യമാക്കുവാൻ നടപടി എടുക്കുന്നു. |
| (സി) വന്യജീവി ആക്രമണം നിയന്ത്രിക്കു-ന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (സി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിനായി ആധുനിക സംവിധാനം എന്ന നിലയ്ക്ക് ജനവാസ മേഖലകളിൽ ആനയോ, മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കുമോ; | (ഡി) വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർ സഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം സംസ്ഥാന സർക്കാരിന്റെ ഇ-ഡിസ്ട്രിക്ട് എന്ന വെബ് പോർട്ടൽ വഴി ഓൺലൈനായി പ്രദേശത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അഞ്ചു ലക്ഷം രൂപയാണ് ഇപ്പോൾ നൽകുന്ന സഹായധനം. |
| (ഇ) മനുഷ്യരെ ആക്രമിക്കുന്ന ഏതൊക്കെ വന്യജീവികളെ കൊല്ലാനാണ് അനുവാദം നൽകിയിരിക്കുന്നത് എന്നറിയിക്കുമോ? | (ഇ) നിലവിൽ മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലാൻ അനുവാദം നൽകിയിട്ടില്ല. |

Rakesh

സെക്ഷൻ ഓഫീസർ